## പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2142 18.12.2012 ൽ മറുപടിയ്ക്ക്

### കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ മീറ്ററുകൾ വാങ്ങുന്ന നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും<br>വകുപ്പ് മന്ത്രി) |
| (എ) കെ.എസ്.ഇ.ബി. ഇപ്പോൾ മീറ്ററുകൾ വാങ്ങുന്ന ഏജൻസിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) സിംഗിൾ ഫേയ്സ് മീറ്ററിന്റെ പർച്ചേസ് ഓർഡർ ഒന്നും തന്നെ ഇപ്പോൾ നിലവിൽ ഇല്ല. എന്നാൽ P.O. No. TA31/SCM90/2011-12 dated 20.01.2012 പ്രകാരം 8 ലക്ഷം മീറ്ററുകൾക്കുള്ള ഓർഡർ, 20.01.2012 ൽ M/s. Larsen & Toubro Limited എന്ന കമ്പനിക്ക് നൽകിയതിൻ പ്രകാരമുള്ള സപ്ലൈ 06/2012-ൽ പൂർത്തീകരിച്ചിട്ടുണ്ട്. ത്രീഫേസ് മീറ്റർ (50,000 എണ്ണം) പർച്ചേസ് ഓർഡർ, M/s. EMCO Limited, Thane എന്ന കമ്പനിയ്ക്ക് 17.10.2012-ൽ നൽകിയിട്ടുണ്ട്. ഇതു കൂടാതെ LTCT മീറ്ററിനുള്ള (1250 എണ്ണം) പർച്ചേസ് ഓർഡർ M/s. Secure Limited, Bangalore എന്ന കമ്പനിയ്ക്ക് 20.11.2012-ൽ നൽകിയിട്ടുണ്ട്. |
| (ബി) പൊതുമേഖലാ കമ്പനിയായ യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസിൽ നിന്നും കെ.എസ്.ഇ.ബി. മീറ്റർ വാങ്ങുന്നുണ്ടോ; | (ബി) ഇപ്പോൾ വാങ്ങുന്നില്ല. |
| (സി) അവസാനമായി പ്രസ്തുത കമ്പനിയിൽ നിന്നും മീറ്റർ വാങ്ങിയത് എന്നാണ് എന്ന് വിശദമാക്കുമോ? | (സി) അവസാനമായി മീറ്ററുകൾ ലഭ്യമാക്കുന്നതിന് ക്ലിയറൻസ് നൽകിയത് 06.01.2012 ൽ ആണ്. |

**സെക്ഷൻ ഓഫീസർ.**